പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1654 | 13.06.2014 ൽ മറുപടിയ്ക്ക് |
| ഐ.സി.ഡി.എസുകളുടെ സ്വകാര്യവത്കരണം | |
| ചോദ്യം | ഉത്തരം |
| ശ്രീ. കെ. വി. വിജയദാസ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) എല്ലാ ഐ.സി.ഡി.എസ്.കളും ഐ.സി.ഡി.എസ്.മിഷന്റെ കീഴിൽ ഉൾപ്പെടുത്തിക്കൊണ്ട് നടപടി ആരംഭിച്ചു കഴിഞ്ഞ സാഹചര്യത്തിൽ ഐ.സി.ഡി.എസ്-കളെ പൂർണ്ണമായും സ്വകാര്യവൽക്കരിച്ച് എൻ.ജി.ഒ.മാരെ ഏല്പിക്കുവാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഇത്തരം നടപടികൾ സാമൂഹ്യക്ഷേമ പദ്ധതികളിൽ നിന്നുമുള്ള പിന്മാറ്റത്തെയാണോ സൂചിപ്പിക്കുന്നതെന്നും ഇക്കാര്യത്തിലുള്ള നയവും വ്യക്തമാക്കുമോ ? | (എ) & (ബി) ഐ.സി.ഡി.എസ് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഐ.സി.ഡി.എസ് പദ്ധതി മിഷൻ രീതിയിൽ പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഐ.സി.ഡി.എസ് പ്രോജക്ടുകളെ പൂർണ്ണമായും സ്വകാര്യവൽക്കരിച്ച് എൻ.ജി.ഒ-മാരെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല. പദ്ധതി നടത്തിപ്പ് സംബന്ധമായി കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടേയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ മാത്രമേ സംസ്ഥാനത്ത് ടി പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഐ.സി.ഡി.എസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാനും ശക്തിപ്പെടുത്തുവാനും ലക്ഷ്യമിട്ടുകൊണ്ടാണ് പദ്ധതി മിഷൻ രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ